# പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1335

30.01.2018-ന് മറുപടിയ്ക്ക്

## സ്പെഷ്യൽ ഫീസുപയോഗിച്ച് വാങ്ങുന്ന പുസ്തകങ്ങൾ

| ചോദ്യം<br>ശ്രീ.എ. കെ. ശശീന്ദ്രൻ | മറുപടി<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) സ്പെഷ്യൽ ഫീസിനത്തിൽ പിരിച്ചെടുക്കുന്ന തുക ഉപയോഗിച്ച് സ്കൂൾ ലൈബ്രറികളിൽ പുസ്തകങ്ങൾ വാങ്ങുന്നതിന് എന്തൊക്കെ മാർഗ്ഗനിർദ്ദേശങ്ങളാണുള്ള-തെന്ന് വ്യക്തമാക്കാമോ;<br><br>(ബി) അപ്രകാരം പിരിച്ചെടുക്കുന്ന സ്പെഷ്യൽ ഫീസ് ചെലവഴിക്കുന്നതിൽ പി. ടി. എ. യുടെ അംഗീകാരം വേണമെന്ന് നിബന്ധനയുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കാൻ നടപടി സ്വീകരിക്കുമോ? | (എ) & (ബി) സംസ്ഥാനത്തെ ഗവൺമെന്റ്/ എയ്ഡഡ് ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി /ഹൈസ്കൂൾ/യു.പി. സ്കൂൾ പ്രിൻസിപ്പൽമാർക്കും ഹെഡ്മാസ്റ്റർമാർക്കും പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി, സ്കൂളുകളിലെ പി.ഡി. അക്കൗണ്ടുകളിൽ സ്പെഷ്യൽ ഫീസിനത്തിൽ ചെലവാകാതെ അവശേഷിക്കുന്ന തുക സ്കൂൾ ലൈബ്രറി നവീകരണത്തിനായി ഉപയോഗിക്കാവുന്നതാണെന്ന് സർക്കാർ ഉത്തരവായിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവുകൾ പ്രകാരം പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞവുമായി ബന്ധപ്പെട്ട ടി നവീകരണ പ്രവർത്തനത്തിനായി സ്പെഷ്യൽ ഫീസ് ചെലവഴിക്കുന്നതിനായി പി.ടി.എയുടെ അംഗീകാരം ആവശ്യമാണ്. പ്രസ്തുത പദ്ധതിയിൻകീഴിൽ ലൈബ്രറി നവീകരണത്തിന്റെ ഭാഗമായി പുസ്തകങ്ങൾ വാങ്ങുമ്പോൾ നിലവിൽ പുസ്തകങ്ങൾ വാങ്ങുന്നതിന് വകുപ്പ് തലത്തിലുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതുമാണ്. |

സെക്ഷൻ ഓഫീസർ